**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688001**

**ഫോൺ:0477-2251349, ഇ-മെയിൽ:prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

**പത്രക്കുറിപ്പ് 3 ഡിസംബർ 09 2019**

**സൗജന്യ കർഷക പരിശീലനം**

ആലപ്പുഴ: ചെങ്ങന്നൂർ സെൻട്രല് ഹാച്ചറി പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കർഷകർക്കായി സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഡിസംബർ 20ന് കാട വളർത്തല്, 10,11 തീയതികളിൽ ആട് വളർത്തല്, 16,17 തീയതികളിൽ മുട്ടക്കോഴി വളർത്തല് എന്നിവയിലാണ് പരിശീലനം. താൽപര്യമുള്ളവര് മുൻകൂട്ടി പേര് രജിസ്റ്റര് ചെയ്യണം. പങ്കെടുക്കുന്നവർക്ക് പരിശീലനശേഷം സർട്ടിഫിക്കറ്റ് നൽകും. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും ഫോൺ: 0479-2452277.

**കണ്ടിജൻസി വിതരണം: ടെൻഡര് ക്ഷണിച്ചു**

ആലപ്പുഴ: വനിത ശിശുവികസന വകുപ്പിന്റെ കീഴിലുള്ള കായംകുളം മിനി സിവിൽ സ്റ്റേഷനില് പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് മുതുകുളം അഡീഷണൽ പ്രൊജക്ട് പരിധിയിലുള്ള 132 അങ്കണവാടികളില് 2019- 20 വർഷത്തേക്ക് കണ്ടിജൻസി സാധനങ്ങള് വിതരണം ചെയ്യുന്നതിന് ടെൻഡര് ക്ഷണിച്ചു. ഡിസംബർ 24 പകല് 12വരെ ടെൻഡര് സ്വീകരിക്കും. അന്നേദിവസം ഉച്ചകഴിഞ്ഞ് മൂന്നിന് തുറക്കും. വിശദവിവരത്തിന് ഫോൺ: 0479 2442059

**ഷോർട്ട് ലിസ്റ്റ്പ്രസിദ്ധീകരിച്ചു**

ആലപ്പുഴ: പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന മത്സര പരീക്ഷ പരിശീലന ധനസഹായ പദ്ധതിയായ 'എംപ്ലോയബിലിറ്റി എൻഹാൻസ്പമെന്റ് പ്രോഗാം 2019-20' മെഡിക്കൽ എൻജിനീയറിങ്, ബാങ്കിങ്, സിവിൽ സർവ്വീസ്, ഗേറ്റ്/മാറ്റ്, യുജിസി/നെറ്റ്/ജെ.ആർ.എഫ് വിഭാഗത്തിലെ ഗുണഭോക്താക്കളുടെ താൽക്കാലിക ഷോർട്ട് ലിസ്റ്റ് www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി എന്നീ ജില്ലകളുടെ പരിധിയിൽ വരുന്ന ഷോര്ട്ട് ലിസ്റ്റ്

സംബന്ധിച്ച് ആക്ഷേപമുള്ളവർ ഡിസംബര്‍13 മുമ്പായി മെഖല ഡപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷന്, കാക്കനാട്, എറണാകുളം എന്ന വിലാസത്തിൽ നേരിട്ടോ തപാല് മുഖേനയോ അറിയിക്കണം. ഫോൺ: 0484- 2429130